# SSLC Exam 2020

## Malayalam II Answer Key

## Prepared by educationobserver.com

1. പുത്രൻ എന്ന നിലയിൽ കടമ നിർവഹിച്ചതിന്റെ സംതൃപ്തി

2. കന്നിയിലെ നെല്ല്.

3. മാവിനോടുള്ള പ്രേമം കവികളിലും ഉള്ളതുകൊണ്ട്.

4. പത്രമുണ്ടായാൽ എല്ലാമായി.

5. അമ്മയുമായുള്ള പാക്കിൾക്കാടി ബന്ധം അടർത്തി കളഞ്ഞത്.

6. മത്തായിയുടെ വീട്ടിൽ സകല വായും അടച്ചു പൂട്ടി മുദ്ര വെച്ചിരിക്കുന്നതിനാൽ ഒരക്ഷരം ആരും മിണ്ടുന്നില്ല.

7. അമ്മയെ ഉപേക്ഷിക്കാൻ തീരുമാനിച്ചതിലുള്ള അതിയായ പശ്ചാത്താപം.
   കുറ്റബോധം നിമിത്തമുണ്ടായ മനഃസാക്ഷിക്കുത്ത് .

8. സത്യസന്ധതയില്ലാത്ത വാർത്തകൾ നൽകുന്നു
   പത്രങ്ങൾ ഏതെങ്കിലുമൊരു പക്ഷത്തു നിന്ന് വാർത്തകൾ നൽകുന്നു
   വ്യാജവും വസ്തുനിഷ്ഠമല്ലാത്തതുമായ വാർത്തകൾ പ്രചരിപ്പിക്കുന്നു.
   അസത്യങ്ങളും അർദ്ധസത്യങ്ങളും വാർത്തകൾ ആകുന്നു
   പരസ്യവരുമാനം മാത്രം ലക്ഷ്യമാക്കി വാർത്തകൾ തമസ്കരിക്കുന്നു പൊതുജനത്തിന്റെ പക്ഷത്തു നിൽക്കുന്നില്ല

9. ലഭിക്കുന്ന അല്പം ഭക്ഷണത്തിൽ നിന്നും ചിരുത നിന്നും കോരനു വേണ്ടി മിച്ചം വയ്ക്കുന്നു.
   ചിരുതയെ കരുതി കോരൻ വയറ്റിന് സുഖമില്ല എന്ന് പറഞ്ഞ് അത്താഴം ഒഴിവാക്കുന്നു.
   ഇല്ലായ്മയിലും പരസ്പരമുള്ള കരുതലും സ്നേഹവും കാത്ത് സൂക്ഷിക്കുന്നതാണ് ജീവിത ധന്യത എന്ന് രണ്ട് കഥാപാത്രങ്ങളും വ്യക്തമാക്കുന്നു.

10. അമ്മയും തൊട്ടിലും ഉദാത്തമായ സ്നേഹത്തിൻറെ പ്രതീകങ്ങളാണ്, എന്നാൽ ഈ കവിതയിൽ അമ്മയെ ഉപേക്ഷിക്കുന്ന മകനെയാണ് കാണുന്നത്, മഹനീയമായ മാതൃ പുത്ര ബന്ധങ്ങൾക്ക് ഉണ്ടായ ശിഥിലത ഈ കവിത സൂചിപ്പിക്കുന്നു, ഉപേക്ഷിക്കപ്പെടുന്ന അമ്മമാർക്കുവേണ്ടി തൊട്ടിൽ കരുതേണ്ട പുതിയകാലത്തെ സൂചിപ്പിക്കുന്നു

11. കാടും പുഴയും പ്രകൃതിയും നിലനിൽക്കേണ്ടത് കാലത്തിൻറെ അനിവാര്യതയാണ്, മനുഷ്യനും പ്രകൃതിയും തമ്മിലുള്ള സൗഹൃദത്തിൻ മേലാണ് മാനവരാശിയുടെ നിലനില്പ്പ്. അതോടൊപ്പം ഭൂമി എല്ലാവർക്കും അവകാശപ്പെട്ടതാണ് എന്ന് എന്ന ബോധ്യവും ഉണ്ടാവേണ്ടതുണ്ട് . കൊച്ചു ചക്കരച്ചിയുടെ പരിസ്ഥിതി സൗഹൃദപരമായ ജീവിതവും പ്രകൃതിയിലുള്ള വിശ്വാസം , മാവിനോടുള്ള വാത്സല്യം എന്നിവ കവിതയിൽ ആവിഷ്കരിച്ചിരിക്കുന്നു

12. മാതൃഭാഷയെ മറക്കുന്ന അവസ്ഥ. അന്യദേശഭാഷകൾക്ക് നൽകുന്ന അമിതമായ പ്രാധാന്യം, ഭാഷയോടൊപ്പം അമ്മയും ബന്ധങ്ങളും ഓർമ്മ ആവുകയും യും അവയ്ക്ക് പ്രസക്തി നഷ്ടപ്പെടുകയും ചെയ്യുന്ന ഒരു കാലം.. മാതൃഭാഷ നഷ്ടമായ ഒരു തലമുറ ആകുമോ ഇനി ഉണ്ടാവുക എന്ന ആശങ്ക.

13. അച്ഛൻറെ വിളികൾക്ക് പിന്നാലെയായിരുന്ന എന്നും അമ്മയുടെ പാച്ചിൽ. അമ്മയിൽ നിന്നും എന്തെങ്കിലും കേൾക്കാൻ അച്ഛൻ ശഠിക്കുന്നു. അച്ഛനും അമ്മയും തമ്മിലുള്ള ആത്മബന്ധം തിരിച്ചറിയുന്ന മകൻ അമ്മയെ നിർബന്ധപൂർവ്വം കൂട്ടിക്കൊണ്ട് പോകുന്നില്ല. അച്ഛൻ മരിച്ചിട്ടും അവിടെ നിന്നും പോയിട്ടില്ല എന്ന് വിശ്വസിക്കുന്ന അമ്മയെ മാനസികമായി തകർക്കാതെ മകൻ സ്നേഹ പൂർവമായി ഇടപെടുന്നു.

14. നർമ്മമാണ് കാരൂർ കഥകളുടെ പ്രധാന സവിശേഷതകളിൽ ഒന്ന് എന്ന കാര്യം കോഴിയും കിഴവിയും എന്ന കഥയിലെ വിവിധ സന്ദർഭങ്ങൾ ഉദാഹരിച്ചു കൊണ്ട് സമർഥിക്കുക.. തലയ്ക്കകത്ത് ചിക്കുകയും ചികയുകയും ചെയ്യുന്ന കോഴി, കോഴി ആമാശയത്തിൽ നിന്ന് കൂവി എന്നീ പ്രയോഗങ്ങൾ, കോഴിയിറച്ചിയുടെ സ്വാദിനെക്കുറിച്ച് പറയുന്ന ഭാഗങ്ങൾ, കുട്ടികൾ പേരക്ക പങ്കുവെക്കുന്ന സന്ദർഭം, പോലീസ് വരുന്ന സന്ദർഭം എന്നിവ സൂചിപ്പിക്കുക

15. വൈലോപ്പിള്ളിക്കവിതയുടെ പ്രധാന സവിശേഷതകളിൽ ഒന്നാണ് പ്രകൃതി വർണ്ണനയും കേരളീയതയും. മാമ്പഴക്കാലവും നാട്ടിൻപുറ കാഴ്ചകളും അദ്ദേഹം കവിതകളിൽ മനോഹരമായി ആവിഷ്കരിച്ചിരിക്കുന്നു, ഓണം എന്ന സംസ്കാരത്തെപ്പറ്റി കവിതയിലുള്ള സൂചനകൾ.. ഓണ സങ്കല്പങ്ങൾ, ഓണപ്പാട്ടുകളുടെയും വടക്കൻപാട്ടിലെയും പെരുമ, പ്രകൃതി ദൃശ്യങ്ങൾക്ക് മനുഷ്യസ്വഭാവം നൽകിയത്, കവിതയിലെ ചമൽക്കാരഭംഗി, കേരളത്തിൻറെ സാംസ്കാരിക പൈതൃകം എന്നിവ ഇവ സൂചിപ്പിച്ചുകൊണ്ട് അനുയോജ്യമായ ഭാഷയിൽ ഉപന്യസിക്കുക

16. രണ്ട് കഥാപാത്രങ്ങളുടെയും സാമ്യ വ്യത്യാസങ്ങൾ സൂചിപ്പിക്കുക ഇരുവരും ഗ്രാമീണ കഥാപാത്രങ്ങളാണ്, ഗൃഹനാഥൻമാരാണ്.. എന്നാൽ ചെമ്പ് മത്തായി പണത്തിന് അമിത പ്രാധാന്യം നൽകി കൊണ്ട് കലാബോധം,സ്നേഹം,ദയ എന്നീ വികാരങ്ങൾ ഇല്ലാതെ പ്രതിനായക സ്വഭാവം കാണിക്കുന്നു ചാക്കുണ്ണി ആകട്ടെ പണത്തിനു മീതെ ബന്ധങ്ങൾക്കും കലയ്ക്കും പ്രാധാന്യം നൽകുന്ന സ്നേഹപൂർണമായ പെരുമാറ്റവും അദ്ധ്വാനശീലവും ഉണ്ട്.. ചെമ്പ് മത്തായി ചാക്കുണ്ണിയോട് അലിവ് കാണിക്കുന്നു സ്വർണ്ണത്തിന് പകരം റേഡിയോ പണയമായി സ്വീകരിക്കുകയും പാട്ടു കേൾക്കുകയും പലിശ അടയ്ക്കാതെ ഇരുന്നിട്ടും മനസ്സലിവ് കാണിക്കുകയും ചെയ്യുന്നു

**17. പ്രധാന ആശയങ്ങൾ**

ശ്രീനാരായണ ഗുരുവിൻറെ സന്ദേശങ്ങൾ
ഏകലോക സങ്കൽപ്പം
ദർശനങ്ങളുടെ കാലികപ്രസക്തി
ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന് എന്ന സന്ദേശം
മതമേതായാലും മനുഷ്യൻ നന്നായാൽ മതി
മനുഷ്യനെ സ്നേഹിക്കുവാൻ പ്രേരിപ്പിക്കുന്നു

രാജ്യത്തിന്റെയും  അതിർത്തികളുടെയും  ഭാഷയുടേയും വ്യത്യാസങ്ങളില്ലാതെ എല്ലാവരുടെയും
മനുഷ്യനായി സ്നേഹിക്കാൻ കഴിയുന്ന ഒരു അവസ്ഥ
സാർവ്വലൗകികത്വം
എന്നിവ ചേർത്ത് ഉചിതമായ ശൈലിയിൽ പ്രഭാഷണം തയ്യാറാക്കുക

Prepared by educationobserver.com